# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ

# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ : 310

നമ്മുടെ അധികാരത്തിൽപെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും
പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്

കർത്താവിൽ വാത്സല്യമുള്ളവരേ,

നമ്മുടെ സഫ്രഗൻ മെത്രാപ്പോലീത്താ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് തിരുമേനി 2018 ഏപ്രിൽ 18 വെള്ളിയാഴ്ച വെളുപ്പിന് 4.40 ന് കർത്തൃസന്നിധിയിലേക്ക് വിളിച്ചു ചേർക്കപ്പെട്ടു. എറണാകുളം പി.വി.എസ് ഹോസ്പിറ്റലിൽ ഒരാഴ്ചയോളം കരൾസംബന്ധമായ രോഗബാധമൂലം ചികിത്സയ്ക്കായി തിരുമേനി പ്രവേശിപ്പിക്കപ്പെട്ടിരുന്നു. അതിനു മുൻപ് കുറേ നാളുകളായി കിഡ്നിയുടെ പ്രവർത്തനം തകരാറിലായിരുന്നതിനാൽ കിഡ്നിയുടെ പ്രവർത്തനം സാധാരണ നിലയിൽ ആകുന്നതിന് ആഴ്ചയിൽ മൂന്നു പ്രാവശ്യം ഡയാലിസിസ് നടത്തിയിരുന്നതു മൂലം രോഗാവസ്ഥയിൽ അല്പം ശമനം കണ്ടിരുന്നു. എറണാകുളം ആസ്ടർ മെഡിസിറ്റി ആശുപത്രിയിലെ ദീർഘനാളത്തെ പരിചരണത്തിലും ചികിത്സയിലുമായിരുന്നു തിരുമേനി. എന്നാൽ ആ ചികിത്സയ്ക്കുശേഷം റാന്നി അരമനയിൽ മടങ്ങിവരുവാൻ കഴിഞ്ഞതിൽ തിരുമേനി വളരെ സന്തോഷവാനായിരുന്നു. മടങ്ങിവന്ന ശേഷം ഒന്നിടവിട്ട ദിവസങ്ങളിൽ ആംബുലൻസിൽ ഡയാലിസിസിന് വിധേയനാകുവാൻ കുമ്പനാട് ആശുപത്രിയിലേക്ക് പോകുമായിരുന്നു. എന്നാൽ രണ്ടാഴ്ച കഴിഞ്ഞപ്പോൾ സ്വന്തം കാറിൽ തന്നെ കുമ്പനാട് ആശുപത്രിയിൽ പോയി വരുവാൻ തക്കവണ്ണമുള്ള ആരോഗ്യം തിരുമേനി പ്രാപിച്ചു. എഴുന്നേറ്റു നടപ്പാനും സാധാരണ രീതിയിൽ ഭക്ഷണം കഴിക്കുവാനുമുള്ള കൃപ ലഭിച്ചു. സ്വാഭാവികമായുള്ള സംസാരത്തിലേക്ക് തിരുമേനി മടങ്ങി. എന്നാൽ ചില വർഷങ്ങൾക്കു മുൻപ് തിരുമേനിയ്ക്ക് ചിക്കൻ പോക്സ് വന്നപ്പോൾ കരളിൽ രൂപപ്പെട്ട ഒരു ചെറിയ മുഴ വീണ്ടും സജീവമാവുകയും അതിലൂടെ ബ്ലീഡിംഗ് ഉണ്ടാകുകയും ചെയ്തു. അതിനെ തുടർന്ന് എറണാകുളത്തുള്ള കരൾരോഗ ചികിത്സയ്ക്കുള്ള സ്പെഷ്യാലിറ്റി ഹോസ്പിറ്റലായ പി.വി.എസ് ഹോസ്പിറ്റലിൽ തിരുമേനിയെ പ്രവേശിപ്പിച്ചു. അവിടെ ഒരാഴ്ചയോളം ചികിത്സയ്ക്ക് വിധേയനായി. രക്തസ്രാവം പരിഹരിക്കുന്നതിന്, തിരുമേനിയുടെ അപ്പോഴത്തെ ആരോഗ്യസ്ഥിതിയിൽ ഒരു ഓപ്പറേഷൻ സാധ്യമല്ലാതെ വന്നതിനാൽ രക്തസ്രാവം നിലയ്ക്കുന്നതിനായിട്ടുള്ള മറ്റ് ചികിത്സകളാണ് നൽകിവന്നത്. എന്നാൽ 2018 ഏപ്രിൽ 17-ാം തീയതി ആയപ്പോഴേക്കും രക്തസ്രാവം മൂർച്ഛിക്കുകയും തിരുമേനി കൂടുതൽ ക്ഷീണാവസ്ഥയിലേക്ക് മാറുകയും ചെയ്തു. പിറ്റേദിവസം വെളുപ്പിന് 4.40 ആയപ്പോഴേക്കും കൃപയുടെ ധന്യതയോടുകൂടി ജീവിച്ച ആ ദീപം പൊലിഞ്ഞു.

ഭൗതീക ശരീരം സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ച് ഇളംകുളം മാർത്തോമ്മാ പള്ളിയിൽ രാവിലെ 8 മണി മുതൽ 11 മണി വരെ പൊതുദർശനത്തിനായി വെച്ചു. അതിനുശേഷം തിരുവല്ലായിലേക്ക് ആദരപൂർവ്വം കൊണ്ടുവരികയും ചെയ്തു. ഉച്ചകഴിഞ്ഞ് രണ്ടര മണിയോടുകൂടി തിരുവല്ല സെന്റ് തോമസ് പള്ളിയിൽ ഭൗതീക ശരീരം പൊതു ദർശനത്തിനായി വയ്ക്കുകയും കബറടക്ക ശുശ്രൂഷയുടെ ഒന്നാം ഭാഗം ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. അന്നും പിറ്റേ ദിവസവും ഏപ്രിൽ 20-ാം തീയതി വെള്ളിയാഴ്ച രാവിലെ വരെയും പൊതുദർശനത്തിന് അവസരമൊരുക്കിയിരുന്നു. വിവിധ സഭകളിലെ മേൽപട്ടക്കാരും രാഷ്ട്രീയ സാമൂഹിക മേഖലകളിലെ പ്രമുഖരും വിശ്വാസ സമൂഹവും പൊതു സമൂഹവും അനുശോചനം അറിയിച്ച് തിരുമേനിയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. ഏപ്രിൽ 20-ാം തീയതി വെള്ളിയാഴ്ച തിരുവല്ലാ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിലെയും എസ്.സി.എസ് ഗ്രൗണ്ടിലെ താല്ക്കാലിക മദ്ബഹായിലെ ശുശ്രൂഷകൾക്കും ശേഷം പള്ളിയുടെ സമീപെയുള്ള മുൻ സഭാപിതാക്കന്മാരുടെ കബറുകളോട് ചേർന്ന് നിർമ്മിച്ച കബറിൽ കബറടക്കം നടന്നു. ഉച്ചയ്ക്ക് ഒരു മണിയോടുകൂടി സഭയുടെ ആദരവുകൾ ഏറ്റുവാങ്ങി കബറടക്ക ശുശ്രൂഷ പൂർത്തീകരിക്കപ്പെട്ടു. പുനരുത്ഥാനദിവസം വീണ്ടും കാണാമെന്ന പ്രത്യാശയോടെ പട്ടത്വ സമൂഹവും വിശ്വാസസമൂഹവും ഭാഗ്യസ്മരണീയനായ അത്താനാസ്യോസ് തിരുമേനിക്ക് ആദരവുകൾ അർപ്പിച്ചു. തിരുമേനിയുടെ കബറിൽ കുന്തിരിക്കമിട്ട് സഭാജനങ്ങൾ ആ ആദരവ് പ്രകടിപ്പിച്ചു.

അഭിവന്ദ്യ തിരുമേനി സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ കൂടി ചെയ്തിട്ടുള്ള ശ്രേഷ്ഠമായ സേവനങ്ങൾ അനുസ്മരിക്കുന്നു. ഡൽഹി-മുംബൈ ഭദ്രാസനത്തിലും കോട്ടയം-കൊച്ചി ഭദ്രാസനത്തിലും റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിലും വിവിധ കാലഘട്ടങ്ങളിൽ അദ്ധ്യക്ഷനായിരുന്ന് തിരുമേനി നിർവ്വഹിച്ച

സേവനത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഭദ്രാസനത്തിന്റെ വിവിധ പ്രവർത്തനസരണികളിലൂടെ ജനോപകാരപ്രദമായ ശുശ്രൂഷകൾ നിർവ്വഹിച്ച തിരുമേനി തനതായ ഒരു പ്രഭാഷണശൈലിയുടെ ഉടമ കൂടിയായിരുന്നു. ശരിയായ മുന്നൊരുക്കത്തോടുകൂടി വന്ന്, ഒരു കുറിപ്പുപോലും ഇല്ലാതെ, പ്രഭാഷണ വേദികളിൽ ഫലപ്രദമായി, കാവ്യ-സംഗീത-മധുരിമയോടുകൂടി തിരുമേനി നിർവ്വഹിച്ചിട്ടുള്ള പ്രഭാഷണ ങ്ങൾ ഏവരുടെയും ഹൃദയത്തെ ഏറെ സ്പർശിച്ചിട്ടുണ്ട്. ഈ പ്രഭാഷണങ്ങളിലൂടെയും ശുശ്രൂഷകളിലൂ ടെയും തിരുമേനി നിർവ്വഹിച്ച ക്രിസ്തീയ സാക്ഷ്യം ഹൃദയസ്പർശിയും ചിരസ്മരണീയവുമാണ്. അഭി വന്ദ്യ ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ ദർശനങ്ങളും തിരുമേനി യെക്കുറിച്ചുള്ള സ്മരണകളും സഭ എന്നും ആദരവോടെ അനുസ്മരിക്കും. തിരുമേനിയുടെ ദേഹവിയോ ഗത്തിൽ ദുഃഖിതരായിരിക്കുന്ന സഭയ്ക്കും പ്രത്യേകിച്ചും തിരുമേനി ശുശ്രൂഷ ചെയ്ത ഭദ്രാസനങ്ങളി ലുള്ള ഏവർക്കും വലിയവനായ കർത്താവ് ആശ്വാസവും സകല ബുദ്ധിയേയും കവിയുന്ന ദൈവീകസ മാധാനവും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കബറടക്ക ശുശ്രൂഷ സംബന്ധമായ ചെലവുകൾക്കായി മുൻ പതിവുപോലെ നമ്മുടെ ഇടവക കൾ സംഭാവന നൽകുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. ഇടവകകൾ നിത്യചെലവ് വരിസംഖ്യയുടെ പകുതിയിൽ കുറയാത്ത തുക സംഭാവനയായി 2018 മെയ് 31 ന് മുൻപ് സഭാ ഓഫീ സിൽ അടച്ച് രസീത് കൈപ്പറ്റുന്നതിൽ കൈസ്ഥാനസമിതിയും ഇടവകസംഘവും ജാഗ്രത പുലർത്തണ മെന്ന് ഓർമ്മിപ്പിക്കുന്നു.

തിരുമേനിയുടെ രോഗാവസ്ഥയിൽ തിരുമേനിയ്ക്ക് വിദഗ്ദ്ധ ചികിത്സ നൽകിയ എറണാകുളം ആസ്ടർ മെഡിസിറ്റി ഹോസ്പിറ്റലിലെ ഡോ. നാരായൺ ഉണ്ണി, ഡോ. ഗീതാ ഫിലിപ്പ്, എറണാകുളം പി.വി.എസ് ഹോസ്പിറ്റലിലെ ഡോ. മാത്യു ഫിലിപ്പ് എന്നിവരോടും സഹപ്രവർത്തകരായ മറ്റ് ഡോക്ടർമാരോടും തിരുമേനിയ്ക്ക് ഡയാലിസിസുമായി ബന്ധപ്പെട്ട ചികിത്സയും ശുശ്രൂഷകളും നൽകിയ നമ്മുടെ കുമ്പനാട് ഫെലോഷിപ്പ് ഹോസ്പിറ്റലിലെ ഡോക്ടർമാരോടും സഭയ്ക്കുള്ള കൃതജ്ഞത പ്രകാ ശിപ്പിക്കുന്നു. കബറടക്ക ശുശ്രൂഷയുടെ ഭാഗമായുള്ള എല്ലാ ക്രമീകരണങ്ങളും സമുചിതമായി നിർവ്വഹി പ്പാൻ തക്കവണ്ണം കഠിനാദ്ധ്വാനം ചെയ്ത ഏവരോടുമുള്ള സഭയുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

ദൈവീകസമാധാനം നമ്മുടെ ഹൃദയങ്ങളെയും മനസുകളെയും നിറയ്ക്കട്ടെ.

കൃപ നിങ്ങളേവരോടും കൂടി ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2018 മേയ് മാസം 01-ാം തീയതി

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**